പത്രക്കുറിപ്പ്
6-1-2017

## ആദിവാസി ജീവിതത്തെ അടുത്തറിഞ്ഞ്
## കുടുംബശ്രീ ഉദ്യോഗസ്ഥർക്ക് പരിശീലനം

തിരുവനന്തപുരം: കുടുംബശ്രീയിൽ പുതുതായി ചുമതലയേറ്റ പ്രോഗ്രാം ഓഫീസർമാർ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് നൽകിയ ത്രിദിന പരിശീലനം വേറിട്ട അനുഭവമായി. വികസന വഴിയിൽ കുടുംബശ്രീയുടെ രണ്ടാംഘട്ട ലക്ഷ്യങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഇവർക്ക് അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നൽകിയ പരിശീലന പരിപാടിയാണ് നടത്തിപ്പിലെ വ്യത്യസ്തത കൊണ്ട് പുതുമ കൈവരിച്ചത്.

ആദിവാസി മേഖലയിൽ നടപ്പാക്കുന്ന പദ്ധതി നിർവഹണത്തിൽ കുടുംബശ്രീയുടെ ഇടപടലുകൾ കൂടുതൽ കാര്യക്ഷമവും ഊർജിതവുമാക്കുന്നതിന്റെ ഭാഗമായിരുന്നു പരിശീലന പരിപാടി.

പ്രോഗ്രാം ഓഫീസർമാർ, പ്രോഗ്രാം മാനേജർമാർ, ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ എന്നിവർ ഉൾപ്പെടെ മുപ്പതോളം പേരായിരുന്നു പരിശീലനാർത്ഥികൾ. അട്ടപ്പാടിയിലെ കുടുംബശ്രീ ബ്രിഡ്ജ് സ്കൂളിൽ നടന്ന ലളിതമായ ഉദ്ഘാടന ചടങ്ങുകൾക്കു ശേഷം ആനവായി, കടുകുമണ്ണ, ഇടവാണി എന്നീ ഊരുകളിലേക്ക് സംഘം പഠന സന്ദർശനം നടത്തി. പത്തു പേർ വീതമുള്ള മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞായിരുന്നു ഊരു സന്ദർശനം. ആദിവാസികൾക്കൊപ്പം പതിനഞ്ചോളം സ്ത്രീകൾ ഉൾപ്പെടുന്ന പരീശീലന സംഘം രണ്ടു ദിവസം താമസിച്ചുകൊണ്ട് കമ്മ്യൂണിറ്റി ലിവിങ്ങ് എന്നതിന്റെ പ്രാധാന്യത്തെ അറിയാൻ ശ്രമിച്ചതും പുതിയ അനുഭവമായിരുന്നു. അതോടൊപ്പം ആദിവാസികളുടെ ജീവിതസാഹചര്യങ്ങൾ മനസിലാക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും പരിശീലന പരിപാടി ഏറെ സഹായിച്ചതായി പങ്കെടുത്തവർ പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. അട്ടപ്പാടി സ്പെഷൽ പ്രോജക്ട് ഓഫീസർ സീമാ ഭാസ്ക്കർ അധ്യക്ഷത വഹിച്ചു. ബ്ളൂ പോയിന്റ് എൻ.ജി.ഓയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ബേബി പ്രഭാകരൻ, പിലാത്തറ സെന്റ് ജോസഫ് കോളേജിലെ പ്രഫ.ടോമി ജേക്കബ്, ഡോ.രതീഷ് കാളിയാടൻ എന്നിവർ യഥാക്രമം കമ്മ്യൂണിറ്റി ഓർഗനൈസേഷൻ, ലീഡർഷിപ്പ്, മീഡിയാ ആൻഡ് ഡെവലപ്മെന്റ് എന്നീ വിഷയങ്ങളിൽ ശിൽപശാല നയിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ